## പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2128 — 23.3.2012 ൽ മറുപടിയ്ക്ക്

### വീടുകളിൽ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, ബെന്നിബെഹനാൻ<br>,, അൻവർ സാദത്ത്<br>,, പി. എ. മാധവൻ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്. വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് അവിടെത്തന്നെ ഉപയോഗിക്കുന്ന പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇതോടൊപ്പം തന്നെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സോളാർ പാനലിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് വൈദ്യുത ശൃംഖലയിലേക്ക് ലഭ്യമാക്കുന്ന ഒരു പുതിയ പദ്ധതി കൂടി വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എങ്ങനെയാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; | (ബി) വൈദ്യുത ശൃംഖലയിലേക്ക് ലഭ്യമാക്കുന്ന വൈദ്യുതി മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി പോലെ തന്നെ വിതരണം ചെയ്യുന്നതാണ്. |
| (സി) ഈ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും എന്തെല്ലാം സഹായമാണ് ലഭിക്കുന്നത്? | (സി) വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന ഇത്തരം ചെറിയ പ്ലാന്റുകൾക്ക് ഇപ്പോൾ കേന്ദ്രസഹായം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ